## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2110** — **17.02.2016-ന് മറുപടിക്ക്**

### വാഹന പുകപരിശോധന കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വാഹന പുകപരിശോധന കേന്ദ്രങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) വായുവിനെ മലിനമാക്കുന്നത് പ്രധാനമായും മോട്ടോർ വാഹനങ്ങളിൽ നിന്നുള്ള വിഷപ്പുകയാണെന്നതിനെക്കുറിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) തിരുവനന്തപുരം കോർപ്പറേഷനിൽ, വാഹനങ്ങൾ മൂലമുണ്ടാകുന്ന വായു മലിനീകരണം സംബന്ധിച്ച് ഒരു പഠനം NATPAC (National Transportation Planning and Research Centre) വഴി നടത്തിവരുന്നു. |
| (സി) സംസ്ഥാനത്ത് എത്ര വാഹന പുക പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഈ കേന്ദ്രങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഈ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്നറിയാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്ത് **574** വാഹന പുക പരിശോധന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.<br>വാഹനപുകപരിശോധന കേന്ദ്രങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ<br>1. പുക പരിശോധിക്കുവാൻ വേണ്ടി ARAI (Automotive Research Association of India) അംഗീകരിച്ച സ്മോക്ക് മീറ്റർ/ഗ്യാസ് അനലൈസർ എന്നിവയും കമ്പ്യൂട്ടർ, പ്രിന്റർ, ക്യാമറ എന്നിവയും ഇവ സ്ഥാപിക്കാനുള്ള കെട്ടിട മുറിയും ഉണ്ടായിരിക്കണം.<br>2. രണ്ട് ലൈറ്റ് മോട്ടോർ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള പാർക്കിംഗ് സ്ഥലം ഉണ്ടായിരിക്കണം<br>3. പത്താംക്ലാസ് വിജയിച്ച I T I യോഗ്യതയുള്ള അല്ലെങ്കിൽ ഏതെങ്കിലും ഗവണ്മെന്റ് അംഗീകൃത വർക്ക് ഷോപ്പിൽ ഒരു വർഷം പ്രവൃത്തിപരിചയമുള്ള ഓപ്പറേറ്റർ ഉണ്ടായിരിക്കണം.<br>മുകളിൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ